**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 152** **22-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ ഏതൊക്കെയെന്നു വ്യക്തമാക്കാമോ; | (എ) | വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേക നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. ' 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം ' 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. |

| | | | |
|---|---|---|---|
| | | | സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴില്ലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു |
| (ബി) | വ്യവസായസ്ഥാപനങ്ങളിൽ മാലിന്യനിർമാർജനം ശരിയായ വിധത്തിൽ നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായ സ്ഥാപനങ്ങൾക്ക് ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 എന്നിവ പ്രകാരമുള്ള അനുമതിപത്രം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകി വരുന്നു.പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് അനുമതിപത്രം നൽകുന്നത്. ടി വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് അനുമതി പുതുക്കി നൽകുന്നത്. കൂടാതെ മലിനജല സംസ്കരണ പ്ലാന്റിന്റെ കാര്യക്ഷമത, വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ പര്യാപ്തത, ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഇവ വിലയിരുത്തുന്നതിനായി പരിശോധനകളും നടത്തി വരുന്നു. സംസ്കരിച്ച പാഴ്ജലത്തിലെയും വായുവിലെയും ഘടകങ്ങൾ അനുവദനീയ പരിധിക്കുള്ളിലാണോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി STP ,ETP,Stack എന്നിവയോടൊപ്പം OCEEMS (Online Effluent Emission Monitoring System) ഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയത് നിരീക്ഷിക്കുന്നതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സെർവറുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പൊതുവായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ത്രിതല ഏകജാലക ബോർഡിന് പുറമെയുള്ള ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നത് സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സഹായിക്കുന്നതെങ്ങനെയെന്നു വ്യക്തമാക്കാമോ; | (സി) | ത്രിതല ഏകജാലക ബോർഡുകൾക്ക് പുറമെ വ്യവസായ പാർക്കുകളിൽ ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നതിലൂടെ വിവിധ വ്യവസായ പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് അതിവേഗം അനുമതികൾ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള കെ. എസ്. ഐ. ഡി. സി യുടെയും കിൻഫ്രയുടെ നിലവിലുള്ള വ്യവസായ ഗ്രോത്ത് സെന്ററുകളടക്കം ഒട്ടുമിക്ക വ്യവസായ പാർക്കുകൾക്കും നേരത്തേ തന്നെ ഏകജാലക ബോർഡുകൾ നിലവിലുണ്ട്. മറ്റ് വ്യവസായ പാർക്കുകൾക്കും പുതുതായി സ്ഥാപിക്കുന്ന വ്യവസായ പാർക്കുകൾക്കും കൂടി ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നതായിരിക്കും. |
| (ഡി) | കെ-സ്വിഫ്റ്റ് വഴി കഴിഞ്ഞ അഞ്ചു വർഷത്തിൽ എത്ര വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ? | (ഡി) | 2019- ഫെബ്രുവരിയിലാണ് കെ-സ്വിഫ്റ്റ് നിലവിൽ വന്നത്. അന്നുമുതൽ ഇന്നുവരെ 23,519 രജിസ്ട്രേഷനുകൾ കെ-സ്വിഫ്റ്റിലൂടെ നടന്നിട്ടുണ്ട്. ഇതുവഴി 11,538 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കു അനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ